**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1015** **31-01-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ ഡാമുകളിലെ മണലെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം ഡാമുകളിൽ നിന്നാണ് മണലെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെന്മാറ മണ്ഡലത്തിലെ മീങ്കര, ചുള്ളിയാർ എന്നീ ഡാമുകളിൽ നിന്ന് ഡീസിൽസ്റ്റേഷൻ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിൽ ഏതൊക്കെ ഡാമുകളിൽ നിന്നാണ് നിലവിൽ മണലെടുത്തുകൊണ്ടിരിക്കുന്നത് എന്ന് വിശദമാക്കുമോ; | (ബി) | മീങ്കര, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽസ്റ്റഷൻ പ്രവൃത്തി നടന്നു വരുന്നുണ്ട്. |
| (സി) | മണലെടുപ്പ് നടത്തുന്ന പൊതുമേഖല സ്ഥാപനം/ ഏജൻസി എത്ര ശതമാനം തുകയാണ് ഇറിഗേഷൻ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾക്ക് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ളതെന്നും ആയത് സമയബന്ധിതമായി ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ? | (സി) | ചുള്ളിയാർ ഡാമിന്റെയും മീങ്കര ഡാമിന്റെയും ഡീസിൽസ്റ്റേഷൻ പ്രവൃത്തി യഥാക്രമം KIIDC -നും KEMDEL-നും നൽകുകയും 01/07/2021 ലെ High Level Empowered Committee യോഗ തീരുമാന പ്രകാരം ചുള്ളിയാർ ഡാമിൽ KIIDC നടത്തുന്ന ഡീസിൽസ്റ്റേഷൻ പ്രവൃത്തിയുടെ Revenue Sharing 90:10 (Government. & KIIDC) ആയും മീങ്കര ഡാമിൽ KEMDEL നടത്തുന്ന ഡീസിൽസ്റ്റേഷൻ പ്രവൃത്തിയുടെ Revenue Sharing 75:25 (Government. & KEMEDL) ആയും നിജപ്പെടുത്തി യിട്ടുണ്ട്. കൂടാതെ KIIDC , KEMDEL എന്നിവർ ഒരോ മാസത്തെയും വരുമാനത്തിന്റെ 1/12 ഭാഗം ജലസേചന വകുപ്പിന്റെ റിസർവോയർ മെയിന്റനൻസ് ഫണ്ടിലേക്ക് അടയ്ക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ